അദ്ധ്യായം 83

# മുത്വഫ്ഫിഫീൻ (കള്ളത്താപ്പുകാർ)

അവതരണം മക്കയിൽ, സൂക്തങ്ങൾ 36

## അദ്ധ്യായ പരിചയം:

ഈ അധ്യായം മക്കയിലാണ് അവതരിച്ചത്. ജനങ്ങളുടെ മനസ്സുകളിൽ പരലോക വിശ്വാസം ഊട്ടിയുറപ്പിക്കുകയാണ് ഈ അധ്യായത്തിന്റെ പ്രധാന ഉദ്ദേശ്യം. മറ്റേത് മക്കാ അധ്യായങ്ങളുടെയും പ്രധാന ലക്ഷ്യവും അതുതന്നെയാകുന്നു. മനുഷ്യകർമങ്ങളെ നിയന്ത്രിക്കുന്നതിലും സംസ്കരിക്കുന്നതിലും മരണ-പരലോകവിചാരണാ ബോധത്തിന് വലിയ സ്ഥാനമുണ്ട്.

കർമ്മങ്ങളുടെ സംസ്കരണത്തിലൂടെയല്ലാതെ ജനത്തെ സംസ്കരിച്ചെടുക്കുക സാധ്യമായിരുന്നില്ല. എന്നാൽ പരലോകത്തെ നിഷേധിക്കുകയും കളവാക്കിത്തള്ളുകയും ആ നിർഭയത്വത്തിൽ ഏത് നീചകർമവും ചെയ്തു ജീവിക്കുകയും ചെയ്തിരുന്ന ഒരു സമൂഹത്തെ നേർവഴിക്ക് നടത്താൻ അടിസ്ഥാനപരമായി അവരിൽ പരലോകവിശ്വാസം ഊട്ടിയുറപ്പിക്കുക തന്നെയാണ് ആവശ്യമായിരുന്നത്.

ഈ അധ്യായത്തിന്റെ ആദ്യത്തിൽ, അന്ന് നടമാടിയിരുന്ന സാമൂഹിക ദുരാചാരത്തിലേക്ക് വിരൽചൂണ്ടുന്നു. അന്ന് മാത്രമല്ല ഇന്നും അത്തരം ചൂഷണം പലരീതിയിലും നിലനിൽക്കുന്നുണ്ട്. ജനങ്ങളിൽനിന്ന് വാങ്ങുമ്പോൾ തികച്ചെടുക്കുകയും അവർക്ക് വിൽക്കുമ്പോൾ കുറവ് വരുത്തുകയും ചെയ്യൽ അന്നത്തെ വ്യാപാരത്തിന്റെ പൊതുരീതിയായിരുന്നു. അവർ വെച്ചുപുലർത്തിയിരുന്ന ബഹുദൈവസംസ്കാരത്തിന്റെയും അതുമായി ബന്ധപ്പെട്ട ജീർണതകളുടെയും കൂടെ ഇതും അവരെ സാംസ്കാരികമായ പതനത്തിൽ തള്ളിവീഴ്ത്തിയിരുന്നു. ഇതിനെല്ലാം അടിസ്ഥാനമായി ആളുകളെ പ്രേരിപ്പിച്ചിരുന്നത് പരലോകത്തെ സംബന്ധിച്ച ബോധമില്ലായ്മയായിരുന്നു. അഥവാ, ജീവിതത്തെ സംബന്ധിച്ച് കാഴ്ചപ്പാടുകൾ ഇല്ലാതിരുന്ന അന്ധമായ നിർഭയത്വമായിരുന്നു. ഇത് എല്ലാ കാലഘട്ടങ്ങളിലുമുള്ള ആളുകളെ അപഥസഞ്ചാരത്തിൽ അകപ്പെടുത്താൻ പിശാച് സ്വീകരിച്ച വഴിയാകുന്നു. മരണത്തെപ്പറ്റിയും പരലോകവിചാരണയെ സംബന്ധിച്ചും തികഞ്ഞ അവജ്ഞയിലേർപ്പെട്ടവരെ നേർമാർഗത്തിൽനിന്ന് വഴി തെറ്റിക്കുകയും നീചതരമായ കർമ്മങ്ങൾക്ക് അവരെ പ്രേരിപ്പിക്കുകയും ചെയ്യൽ പിശാചിന്റെ കുതന്ത്രമാകുന്നു. അത്തരം ആളുകളുടെ പരലോക പരിണതി എന്തെന്ന് ഈ അധ്യായം വ്യക്തമാക്കുന്നു.

ദൈവത്തെക്കുറിച്ചും അവന്റെ വിചാരണയെ സംബന്ധിച്ചും ബോധമുള്ളവർക്ക് സ്വജീവിതം സംസ്കരിക്കണമെന്ന ബോധം മനസ്സിലുണ്ടാവുകയും നന്മ ചെയ്യൽ സ്വയം ബാധ്യതയാണെന്ന് അവർ കരുതുകയും ചെയ്യും. അവിശ്വാസികളും നീചകർമങ്ങൾ ചെയ്യുന്നവരുമായ ആളുകളിൽനിന്ന് നന്മ ഒരിക്കലും പ്രതീക്ഷിക്കാനാകില്ല. കാരണം നന്മ എന്നത് അവരെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും മൂല്യവുമായി ബന്ധപ്പെട്ട സംഗതിയായായിരിക്കില്ല.

അതോടൊപ്പം മറ്റൊരു വിഷയത്തിലേക്കും ഈ അധ്യായം വിരൽ ചൂണ്ടുന്നു. മക്കയിൽ ഖുർആൻ അവതരിച്ചുകൊണ്ടിരുന്ന കാലത്ത് അവിടത്തെ മുഖ്യന്മാർ വിശ്വാസികളെ മാർക്കറ്റിലും കവലകളിലും പൊതുനിരത്തിലും മറ്റുമിരുന്ന് പരിഹസിക്കുക പതിവാക്കിയിരുന്നു. ''ഇവർ പിഴച്ചുപോയവരാകുന്നു'' എന്ന് അവരെ കൂകിവിളിച്ചിരുന്നു. ഇക്കാലത്താണ് ഈ അധ്യായം അവതരിച്ചത്. ദൈവനിഷേധികളും ധിക്കാരികളുമായ അത്തരം ആളുകളുടെ പരിണതിയെ സംബന്ധിച്ചും അതിന് നിമിത്തമായ സംഗതികളെയും എടുത്തുപറയുന്നതോടൊപ്പം സജ്ജനങ്ങളുടെ പര്യവസാനത്തെയും അവരുടെ അന്ത്യഗേഹത്തെയും ഈ അധ്യായം പരിചയപ്പെടുത്തുന്നു.

ഈ അദ്ധ്യായം മുഹമ്മദ് നബിക്ക് മക്കയിൽ വെച്ചാണ് അവതരിച്ചതെന്നും അതല്ല മദീനയിലാണെന്നും രണ്ട് പക്ഷമുണ്ട്. എന്നാൽ മക്കയിൽ അവതരിച്ചു എന്നാണ് പ്രബലമായ വിലയിരുത്തൽ.

**അർഥം:** (1, 2 നമ്പറുകൾ യഥാക്രമം നോക്കി വായിക്കണമെന്ന് പ്രത്യേകം ഉണർത്തുന്നു)

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

| 2 | 1 |
|---|---|
| لِّلْمُطَفِّفِينَ<br>ലിൽ മുത്വഫ്ഫിഫീൻ = കള്ളത്താപ്പുകാർക്ക് | وَيْلٌ<br>വൈലുൻ = മഹാ നാശം |
| إِذَا اكْتَالُوا۟<br>ഇദക്താലൂ = അവർ അളന്നെടുക്കുമ്പോൾ | الَّذِينَ<br>അല്ലദീന = അവർ |

| | |
|---|---|
| يَسْتَوْفُونَ<br>യസ്തൗഫൂൻ = തികച്ചെടുക്കുന്നു. | عَلَى النَّاسِ<br>അലന്നാസി = ജനങ്ങളോട് |
| أَو وَّزَنُوهُمْ<br>അവ്വസനൂഹും =<br>അല്ലെങ്കിൽ അവർ തൂക്കിക്കൊടുക്കുമ്പോൾ | وَإِذَا كَالُوهُمْ<br>വഇദാ കാലൂഹും =<br>അവർ അളന്നു കൊടുക്കുമ്പോൾ |
| أَلَا يَظُنُّ<br>അലാ യളുന്നു = മനസ്സിലാക്കുന്നില്ലയോ | يُخْسِرُونَ<br>യുഖ്സിറൂൻ =<br>അവർ കുറവ് വരുത്തുകയും ചെയ്യുന്നു. |
| أَنَّهُم<br>അന്നഹും = നിശ്ചയം അവർ | أُولَئِكَ<br>ഉലാഇക = അക്കൂട്ടർ |
| لِيَوْمٍ<br>ലിയൗമിൻ = ഒരു ദിനത്തിൽ | مَّبْعُوثُونَ<br>മബ്ഊഥൂൻ =<br>ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നവരാണെന്ന് |
| يَوْمَ<br>യൗമ = അന്ന് | عَظِيمٍ<br>അളീം = മഹത്തായ |
| النَّاسُ<br>അന്നാസു = ജനങ്ങൾ | يَقُومُ<br>യഖൂമു = നിൽപ്പുറപ്പിക്കും |
| كَلَّا<br>കല്ലാ = നിസ്സംശയം | لِرَبِّ الْعَالَمِينَ<br>ലിറബ്ബി ആലമീൻ =<br>ലോകനാഥന്റെ സന്നിധിയിൽ |
| الْفُجَّارِ<br>അൽ ഫുജ്ജാരി = കുറ്റവാളികളുടെ | إِنَّ كِتَابَ<br>ഇന്ന കിതാബ = തീർച്ചയായും കർമരേഖ |
| لَفِي سِجِّينٍ<br>ലഫീ സിജ്ജീൻ = സിജ്ജീനിലായിരിക്കും | |
| مَا سِجِّينٌ<br>മാ സിജ്ജീൻ = സിജ്ജീൻ എന്താണെന്ന് | وَمَا أَدْرَاكَ<br>വമാ അദ്റാക = നിനക്കെന്തറിയാം |
| مَّرْقُومٌ<br>മർഖൂം = എഴുതപ്പെട്ട | كِتَابٌ<br>കിതാബുൻ = അതൊരു ഗ്രന്ഥമാകുന്നു |
| يَوْمَئِذٍ<br>യൗമഇദിൻ = അന്ന് | وَيْلٌ<br>വൈലുൻ = നാശം |
| الَّذِينَ<br>അല്ലദീന = അവർ | لِّلْمُكَذِّبِينَ<br>ലിൽ മുകദ്ദിബീൻ =<br>നിഷേധിച്ചു തള്ളുന്നവർക്കാകുന്നു |
| بِيَوْمِ الدِّينِ<br>ബിയൗമിദ്ദീൻ = പ്രതിഫലദിനത്തെ | يُكَذِّبُونَ<br>യുകദ്ദിബൂന = കളവാക്കുന്നവരാണവർ |
| بِهِ<br>ബിഹീ = അതിനെ | وَمَا يُكَذِّبُ<br>വമാ യുകദ്ദിബു = കളവാക്കുകയില്ല |

| | |
|---|---|
| كُلُّ مُعْتَدٍ<br>കല്ലു മുഅ്തദിൻ = എല്ലാ അതിരുവിട്ടവനും | إِلَّا<br>ഇല്ലാ = അല്ലാതെ |
| إِذَا تُتْلَى<br>ഇദാ തുത്‌ലാ = ഓതിക്കേൾപ്പിക്കപ്പെട്ടാൽ | أَثِيمٍ<br>അഥീം = മഹാപാപിയുമായവൻ |
| آيَاتُنَا<br>ആയാതുനാ = നമ്മുടെ ദൃഷ്ടാന്തങ്ങൾ | عَلَيْهِ<br>അലൈഹി = അവന്ന് |
| أَسَاطِيرُ<br>അസാത്വീറു = കെട്ടുകഥയാണെന്ന് | قَالَ<br>ഖാല = അവൻ പറയും |
| كَلَّا<br>കല്ലാ = അല്ല | الْأَوَّلِينَ<br>അൽ അവ്വലീൻ = പൂർവികരുടെ |
| رَانَ<br>റാന = കറയുണ്ടാക്കിയിരിക്കുന്നു | بَلْ<br>ബൽ = പക്ഷേ |
| مَّا كَانُوا يَكْسِبُونَ<br>മാകാനൂ യക്സിബൂൻ =<br>അവരെന്ത് പ്രവർത്തിച്ചിരുന്നുവോ അത് | عَلَىٰ قُلُوبِهِم<br>അലാ ഖുലൂബിഹിം =<br>അവരുടെ ഹൃദയങ്ങളിന്മേൽ |
| إِنَّهُمْ<br>ഇന്നഹും = തീർച്ചയായും അവർ | كَلَّا<br>കല്ലാ = അല്ല |
| يَوْمَئِذٍ<br>യൗമഇദിൻ = അന്ന് | عَن رَّبِّهِمْ<br>അൻ റബ്ബിഹിം =<br>തങ്ങളുടെ രക്ഷിതാവിൽനിന്ന് |
| لَّمَحْجُوبُونَ<br>ലമഹ്ജൂബൂൻ = മറയ്ക്കപ്പെടുന്നവരാകുന്നു | |
| إِنَّهُمْ<br>ഇന്നഹും = അവർ | ثُمَّ<br>ഥുമ്മ = പിന്നീട് |
| الْجَحِيمِ<br>അൽജഹീം = നരകാഗ്നിയിൽ | لَصَالُوا<br>ലസ്വാലൂ = കടന്നെരിയും |
| يُقَالُ<br>യുഖാലു = പറയപ്പെടും: | ثُمَّ<br>ഥുമ്മ = പിന്നീട് |
| الَّذِي كُنتُم<br>അല്ലദീ കുൻതും = നിങ്ങൾ ആയിരുന്നു | هَٰذَا<br>ഹാദാ = ഇതാകുന്നു |
| تُكَذِّبُونَ<br>തുകദ്ദിബൂൻ =<br>നിങ്ങൾ നിഷേധിച്ചവരായിരുന്നു | بِهِ<br>ബിഹീ = അതിനെ |
| إِنَّ كِتَابَ<br>ഇന്ന കിതാബ = തീർച്ചയായും കർമ്മരേഖ | كَلَّا<br>കല്ലാ = നിസ്സംശയം |
| لَفِي عِلِّيِّينَ<br>ലഫീ ഇല്ലിയ്യീൻ = ഇല്ലിയ്യൂനിൽ ആയിരിക്കും | الْأَبْرَارِ<br>അൽ അബ്റാരി = പുണ്യവാന്മാരുടെ |
| مَا عِلِّيُّونَ | وَمَا أَدْرَاكَ വമാ അദ്റാക = |

| | |
|---|---|
| മാ ഇല്ലിയ്യൂൻ = ഇല്ലിയ്യൂൻ എന്താണെന്ന് | എന്താണെന്ന് നിനക്കറിയുമോ? |
| مَّرْقُومٌ മർഖൂം = എഴുതപ്പെട്ട | كِتَابٌ കിതാബുൻ = അത് ഒരു രേഖയത്രെ |
| الْمُقَرَّبُونَ<br>അൽ മുഖർറബൂൻ = സാമീപ്യം സിദ്ധിച്ചവർ | يَشْهَدُهُ യശ്ഹദുഹു =<br>അതിന്റെ അടുക്കൽ സന്നിഹിതരാകും |
| لَفِي نَعِيمٍ<br>ലഫീ നഈം = സുഖാനുഭവത്തിലായിരിക്കും | إِنَّ الْأَبْرَارَ ഇന്നൽ അബ്റാറ =<br>തീർച്ചയായും പുണ്യാവാന്മാർ |
| يَنظُرُونَ<br>യൻളുറൂൻ = അവർ നോക്കിക്കൊണ്ടിരിക്കും | عَلَى الْأَرَائِكِ<br>അലൽ അറാഇകി = സോഫകളിൽ (ഇരുന്ന്) |
| فِي وُجُوهِهِمْ<br>ഫീ വുജൂഹിഹിം = അവരുടെ മുഖങ്ങളിൽ | تَعْرِفُ തഅ്രിഫു = നിനക്കറിയാം |
| النَّعِيمِ അന്നഈം = സുഖാനുഭവത്തിന്റെ | نَضْرَةَ നദ്റത്ത = തിളക്കം |
| مِن رَّحِيقٍ<br>മിൻ റഹീഖിൻ = ശുദ്ധമായ മദ്യത്തിൽനിന്ന് | يُسْقَوْنَ<br>യുസ്ഖൗന = അവർ കുടിപ്പിക്കപ്പെടും |
| خِتَامُهُ ഖിതാമുഹു = അതിന്റെ മുദ്ര | مَّخْتُومٍ മഖ്ത്തൂം = മുദ്രവെക്കപ്പെട്ട |
| وَفِي ذَٰلِكَ വഫീ ദാലിക = അതിനു വേണ്ടി | مِسْكٌ മിസ്കുൻ = കസ്തൂരിയായിരിക്കും |
| الْمُتَنَافِسُونَ അൽ മുതനാഫിസൂൻ =<br>വാശി കാണിക്കുന്നവർ | فَلْيَتَنَافَسِ<br>ഫൽയതനാഫസി = വാശി കാണിക്കട്ടെ |
| مِن تَسْنِيمٍ<br>മിൻ തസ്നീം = തസ്നീം ആയിരിക്കും | وَمِزَاجُهُ<br>വ മിസാജുഹു = അതിന്റെ ചേരുവ |
| يَشْرَبُ യശ്റബു = കുടിക്കും | عَيْنًا ഐനൻ = ഉറവ |
| الْمُقَرَّبُونَ<br>അൽ മുഖർറബൂൻ = സാമീപ്യം സിദ്ധിച്ചവർ | بِهَا ബിഹാ = അതിൽനിന്ന് |
| كَانُوا കാനൂ = അവരായിരുന്നു | إِنَّ الَّذِينَ أَجْرَمُوا ഇന്നല്ലദീന അജ്റമൂ =<br>തീർച്ചയായും കുറ്റവാളികൾ |
| يَضْحَكُونَ<br>യദ്ഹകൂൻ = കളിയാക്കിച്ചിരിക്കുന്നവർ | مِنَ الَّذِينَ آمَنُوا മിനല്ലദീന ആമനൂ =<br>വിശ്വാസികളെപ്പറ്റി |
| بِهِمْ ബിഹിം =<br>അവരുടെ (വിശ്വാസികളുടെ)അടുത്തുകൂടി | وَإِذَا مَرُّوا<br>വഇദാ മർറൂ = അവർ കടന്നു പോകുമ്പോൾ |
| وَإِذَا انقَلَبُوا<br>വഇദൻഖലബൂ = അവർ തിരിച്ചു ചെന്നാൽ | يَتَغَامَزُونَ യതഗാമസൂൻ = അവർ<br>പരസ്പരം കണ്ണിട്ടുകാണിക്കുമായിരുന്നു |
| انقَلَبُوا<br>ഇങ്കലബൂ = അവർ ചെല്ലുമായിരുന്നു | إِلَىٰ أَهْلِهِمُ ഇലാ അഹ്ലിഹിം =<br>സ്വന്തക്കാരുടെ അടുത്തേക്ക് |
| وَإِذَا رَأَوْهُمْ വഇദാ റഔഹും =<br>അവരെ (വിശ്വാസികളെ) കാണുമ്പോൾ | فَكِهِينَ<br>ഫകിഹീൻ = രസിച്ചുകൊണ്ട് |
| إِنَّ هَٰؤُلَاءِ ഇന്ന ഹാഉലാഇ = നിശ്ചയം ഇക്കൂട്ടർ | قَالُوا ഖാലൂ = അവർ പറയും |

| | |
|---|---|
| وَمَا أُرْسِلُوا വമാ ഉർസിലൂ =<br>അവർ നിയോഗിക്കപ്പെട്ടിട്ടില്ല | لَضَالُّونَ ലദാല്ലൂൻ =<br>തീർച്ചയായും വഴിപിഴച്ചവരാകുന്നു |
| حَافِظِينَ<br>ഹാഫിളീൻ = മേൽനോട്ടക്കാരായിട്ട് | عَلَيْهِمْ അലൈഹിം =<br>അവരുടെ (വിശ്വാസികളുടെ) മേൽ |
| الَّذِينَ آمَنُواْ അല്ലദീന ആമനൂ = വിശ്വാസികൾ | فَالْيَوْمَ ഫൽയൗമ = എന്നാൽ അന്ന് |
| يَضْحَكُونَ<br>യദ്ഹകൂൻ = കളിയാക്കിച്ചിരിക്കുന്നതാകുന്നു | مِنَ الْكُفَّارِ<br>മിനൽ കുഫ്ഫാരി = സത്യനിഷേധികളെപ്പറ്റി |
| يَنظُرُونَ<br>യൻളുറൂൻ= അവർ നോക്കിക്കൊണ്ടിരിക്കും | عَلَى الْأَرَائِكِ<br>അലൽ അറാഇകി = സോഫകളിൽ (ഇരുന്ന്) |
| الْكُفَّارُ<br>അൽ കുഫ്ഫാറു = സത്യനിഷേധികൾ | هَلْ ثُوِّبَ<br>ഹൽ ഥുവ്വിബ = പ്രതിഫലം നൽകപ്പെട്ടുവോ |
| | مَا كَانُوا يَفْعَلُونَ മാ കാനൂ യഫ്അലൂൻ =<br>അവർ പ്രവർത്തിച്ചതിന് |
| إِنَّ كِتَابَ<br>ഇന്ന കിതാബ = തീർച്ചയായും കർമ്മരേഖ | كَلَّا<br>കല്ലാ = നിസ്സംശയം |
| لَفِي عِلِّيِّينَ<br>ലഫീ ഇല്ലിയ്യീൻ = ഇല്ലിയ്യൂനിൽ ആയിരിക്കും | الْأَبْرَارِ<br>അൽ അബ്റാരി = പുണ്യവാന്മാരുടെ |
| مَا عِلِّيُّونَ<br>മാ ഇല്ലിയ്യൂൻ = ഇല്ലിയ്യൂൻ എന്താണെന്ന് | وَمَا أَدْرَاكَ വമാ അദ്റാക =<br>എന്താണെന്ന് നിനക്കറിയുമോ? |
| مَّرْقُوم മർഖൂം = എഴുതപ്പെട്ട | كِتَابٌ കിതാബുൻ = അത് ഒരു രേഖയത്രെ |
| الْمُقَرَّبُونَ<br>അൽ മുഖർറബൂൻ = സാമീപ്യം സിദ്ധിച്ചവർ | يَشْهَدُهُ യശ്ഹദുഹു =<br>അതിന്റെ അടുക്കൽ സന്നിഹിതരാകും |
| لَفِي نَعِيمٍ<br>ലഫീ നഈം = സുഖാനുഭവത്തിലായിരിക്കും | إِنَّ الْأَبْرَارَ ഇന്നൽ അബ്റാറ =<br>തീർച്ചയായും പുണ്യാവാന്മാർ |
| يَنظُرُونَ<br>യൻളുറൂൻ = അവർ നോക്കിക്കൊണ്ടിരിക്കും | عَلَى الْأَرَائِكِ<br>അലൽ അറാഇകി = സോഫകളിൽ (ഇരുന്ന്) |
| فِي وُجُوهِهِمْ<br>ഫീ വുജൂഹിഹിം = അവരുടെ മുഖങ്ങളിൽ | تَعْرِفُ തഅ്രിഫു = നിനക്കറിയാം |
| النَّعِيمِ അന്നഈം = സുഖാനുഭവത്തിന്റെ | نَضْرَةَ നദ്റത്ത = തിളക്കം |
| مِن رَّحِيقٍ<br>മിൻ റഹീഖിൻ = ശുദ്ധമായ മദ്യത്തിൽനിന്ന് | يُسْقَوْنَ<br>യുസ്ഖൗന = അവർ കുടിപ്പിക്കപ്പെടും |
| خِتَامُهُ ഖിതാമുഹു = അതിന്റെ മുദ്ര | مَّخْتُومٍ മഖ്ത്തൂം = മുദ്രവെക്കപ്പെട്ട |
| وَفِي ذَٰلِكَ വഫീ ദാലിക = അതിനു വേണ്ടി | مِسْكٌ മിസ്കുൻ = കസ്തൂരിയായിരിക്കും |
| الْمُتَنَافِسُونَ അൽ മുതനാഫിസൂൻ =<br>വാശി കാണിക്കുന്നവർ | فَلْيَتَنَافَسِ<br>ഫൽയതനാഫസി = വാശി കാണിക്കട്ടെ |

| | |
|---|---|
| مِن تَسْنِيمٍ<br>മിൻ തസ്നീം = തസ്നീം ആയിരിക്കും | وَمِزَاجُهُ<br>വ മിസാജുഹു = അതിന്റെ ചേരുവ |
| يَشْرَبُ യശ്റബു = കുടിക്കും | عَيْنًا ഐനൻ = ഉറവ |
| الْمُقَرَّبُونَ<br>അൽ മുഖർറബൂൻ = സാമീപ്യം സിദ്ധിച്ചവർ | بِهَا ബിഹാ = അതിൽനിന്ന് |
| كَانُوا۟ കാനൂ = അവരായിരുന്നു | إِنَّ الَّذِينَ أَجْرَمُوا ഇന്നല്ലദീന അജ്റമൂ =<br>തീർച്ചയായും കുറ്റവാളികൾ |
| يَضْحَكُونَ<br>യദ്ഹകൂൻ = കളിയാക്കിച്ചിരിക്കുന്നവർ | مِنَ الَّذِينَ آمَنُوا മിനല്ലദീന ആമനൂ =<br>വിശ്വാസികളെപ്പറ്റി |
| بِهِمْ ബിഹിം =<br>അവരുടെ (വിശ്വാസികളുടെ)അടുത്തുകൂടി | وَإِذَا مَرُّوا۟<br>വഇൗദാ മർറൂ = അവർ കടന്നു പോകുമ്പോൾ |
| وَإِذَا انقَلَبُوا۟<br>വഇദൻഖലബൂ = അവർ തിരിച്ചു ചെന്നാൽ | يَتَغَامَزُونَ യതഗാമസൂൻ = അവർ<br>പരസ്പരം കണ്ണിട്ടുകാണിക്കുമായിരുന്നു |
| انقَلَبُوا۟<br>ഇങ്കലബൂ = അവർ ചെല്ലുമായിരുന്നു | إِلَىٰ أَهْلِهِمُ ഇലാ അഹ്‌ലിഹിം =<br>സ്വന്തക്കാരുടെ അടുത്തേക്ക് |
| وَإِذَا رَأَوْهُمْ വഇദാ റഔഹും =<br>അവരെ (വിശ്വാസികളെ) കാണുമ്പോൾ | فَكِهِينَ<br>ഫകിഹീൻ = രസിച്ചുകൊണ്ട് |
| إِنَّ هَٰؤُلَاءِ ഇന്ന ഹാഉലാഉ = നിശ്ചയം ഇക്കൂട്ടർ | قَالُوا ഖാലൂ = അവർ പറയും |
| وَمَا أُرْسِلُوا വമാ ഉർസിലൂ =<br>അവർ നിയോഗിക്കപ്പെട്ടിട്ടില്ല | لَضَالُّونَ ലദാല്ലൂൻ =<br>തീർച്ചയായും വഴിപിഴച്ചവരാകുന്നു |
| حَافِظِينَ<br>ഹാഫിളീൻ = മേൽനോട്ടക്കാരായിട്ട് | عَلَيْهِمْ അലൈഹിം =<br>അവരുടെ (വിശ്വാസികളുടെ) മേൽ |
| الَّذِينَ آمَنُوا۟ അല്ലദീന ആമനൂ = വിശ്വാസികൾ | فَالْيَوْمَ ഫൽയൗമ = എന്നാൽ അന്ന് |
| يَضْحَكُونَ<br>യദ്ഹകൂൻ = കളിയാക്കിച്ചിരിക്കുന്നതാകുന്നു | مِنَ الْكُفَّارِ<br>മിനൽ കുഫ്ഫാരി = സത്യനിഷേധികളെപ്പറ്റി |
| يَنظُرُونَ<br>യൻളുറൂൻ= അവർ നോക്കിക്കൊണ്ടിരിക്കും | عَلَى الْأَرَائِكِ<br>അലൽ അറാഇകി = സോഫകളിൽ (ഇരുന്ന്) |
| الْكُفَّارُ<br>അൽ കുഫ്ഫാറു = സത്യനിഷേധികൾ | هَلْ ثُوِّبَ<br>ഹൽ ഥുവ്വിബ = പ്രതിഫലം നൽകപ്പെട്ടുവോ |
| | مَا كَانُوا يَفْعَلُونَ മാ കാനൂ യഫ്അലൂൻ =<br>അവർ പ്രവർത്തിച്ചതിന് |

വിശദീകരണം:

وَيْلٌ لِّلْمُطَفِّفِينَ വൈലുൻ ലിൽ മുത്വഫ്ഫിഫീൻ

കള്ളത്താപ്പുകാർക്ക് മഹാനാശം.

തത്ഫീഫ് എന്ന പദത്തിൽനിന്നാണ് മുത്വഫ്ഫിഫീൻ നിഷ്പദിച്ചത്. അളവ്-തൂക്കങ്ങളിൽ കൃത്രിമവും കുറവും വരുത്തുന്നതിനാണ് സാങ്കേതികമായി ഈ പദം ഉപയോഗിക്കുന്നത്. കൃത്യമല്ലാത്തതും എന്നാൽ നിസ്സാരവുമായ പരിമാണത്തെക്കുറിക്കാനും ഈ വാക്ക് ഉപയോഗിക്കാറുണ്ട്.

അളവ്-തൂക്കങ്ങളിൽ കുറവ് വരുത്തുന്നവരെ കുറിക്കാൻ മുത്വഫ്ഫിഫ് എന്ന് പറയാറുണ്ട്. ഇത്തരം ആളുകൾക്ക് മഹാ നാശം എന്ന ഖുർആനിക പ്രഖ്യാപനത്തിൽനിന്നു തന്നെ അന്യരെ പറ്റിക്കുന്നതും വഞ്ചിക്കുന്നതും എത്ര നിസ്സാരമായ തോതിലാണെങ്കിലും ദൈവത്തിങ്കൽ അത് ഗുരുതരമായ തെറ്റാണെന്ന് മനസ്സിലാക്കാം.

---

الَّذِينَ إِذَا اكْتَالُواْ عَلَى النَّاسِ يَسْتَوْفُونَ അല്ലദീന ഇദക്താലൂ അലന്നാസി യസ്തൗഫൂൻ

അവർ, ജനങ്ങളോട് അളന്നെടുക്കുമ്പോൾ തികച്ചു വാങ്ങുന്നു.

وَإِذَا كَالُوهُمْ أَو وَّزَنُوهُمْ يُخْسِرُونَ വഇദാ കാലൂഹും അവ്വസനൂഹും യുഖ്സിറൂൻ

അവർ അളന്നോ തൂക്കിയോ കൊടുക്കുമ്പോൾ കുറക്കുകയും ചെയ്യുന്നു.

---

മേൽ സൂചിപ്പിച്ച ആളുകളുടെ കുറ്റം എന്തെന്ന് വ്യക്തമാക്കുകയാണിവിടെ. ജനങ്ങളിൽനിന്ന് വാങ്ങുമ്പോൾ തങ്ങൾക്ക് നഷ്ടം സംഭവിക്കാത്ത തരത്തിൽ അവർ തികച്ചു വാങ്ങുന്നു. ജനത്തിന് വിൽക്കുമ്പോഴാകട്ടെ ചെറിയ രീതിയിൽ വഞ്ചന കാണിച്ചു തങ്ങളുടെ ലാഭം ഉറപ്പിക്കുകയും ചെയ്യുന്നു.

മറ്റുള്ളവരുടെ അവകാശം തട്ടിയെടുത്ത് വ്യാപാരത്തിൽ ഏർപ്പെട്ടിരുന്ന പല ജനതകളും ചരിത്രത്തിൽ കഴിഞ്ഞുപോയിട്ടുണ്ട്. അത്തരം അധർമത്തിൽനിന്ന് അവരെ സംസ്കരിക്കാൻ ദൈവം പ്രവാചകന്മാരെ അയക്കുകയുണ്ടായി. ശുഐബ് നബി തന്റെ ജനതയിലേക്ക് നിയോഗിതനായത് അത്തരം അക്രമത്തെ ഇല്ലാതാക്കുന്നതിനുവേണ്ടിയാണ്. ഈ കുറ്റകൃത്യത്തിൽ നിന്ന് വിരമിക്കാത്തതിന്റെ പേരിൽ തന്നെയാണ് അദ്ദേഹത്തിന്റെ ജനതയെ അല്ലാഹു നശിപ്പിച്ചത്.

വ്യാപാരത്തിൽ സത്യസന്ധത പുലർത്തണമെന്നും കൃത്യമായി അളന്നും തൂക്കിയും കൊടുക്കണമെന്നും ജനത്തിന് അവരുടെ അവകാശത്തിൽ അൽപം പോലും കുറവ് വരുത്തരുതെന്നും ഖുർആനിൽ പല സ്ഥലങ്ങളിലും അതത് ജനതയെ ഉപദേശിച്ചത് കാണാം.

---

أَلَا يَظُنُّ أُولَئِكَ أَنَّهُم مَّبْعُوثُونَ لِيَوْمٍ عَظِيمٍ അലാ യളുന്നു ഉലാഇക അന്നഹുമ്മബ്ഊഥൂൻ, ലിയൗമിൻ അളീം.

ഒരു മാഹാദിനത്തിനു വേണ്ടി തങ്ങൾ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നവരാണെന്ന് അവർ മനസ്സിലാക്കുന്നില്ലയോ?

---

പരലോകത്തെ വിചാരണാദിനമാണ് ഉദ്ദേശ്യം. അന്നത്തെ പ്രയാസകരമായ വിചാരണയെ നേരിടുന്നതിനു വേണ്ടി തങ്ങളും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുമെന്ന് അത്തരം ആളുകൾ മനസ്സിലാക്കുന്നില്ലെയോ എന്നാണ് ഈ വചനം വ്യക്തമാക്കുന്നത്.

---

يَوْمَ يَقُومُ النَّاسُ لِرَبِّ الْعَالَمِينَ യൗമ യഖൂമുന്നാസു ലിറബ്ബിൽ ആലമീൻ

അന്നാളിൽ മർത്ത്യരൊക്കെയും ലോകനാഥന്റെ മുമ്പിൽ നിൽപുറപ്പിക്കുന്നതാകുന്നു.

---

മരണത്തോടുകൂടി മനുഷ്യൻ തീരെ നശിച്ചുപോകുന്നില്ല. ഭൗതിക ജീവിതത്തിന്റെ വിരാമം മാത്രമാണത്. അതോടെ മറ്റൊരു ലോകത്തിലേക്ക് പ്രവേശിക്കുന്നു. അതത്രെ നീതിയുടെ ലോകം. അഥവാ പരലോകം.

ഈ ഭൗതിക ലോകം പരീക്ഷണാലയമാണ്. ഏകദൈവവിശ്വാസം അവലംബിച്ചു ആരാണ് കൂടുതൽ നന്മ ചെയ്തത് എന്നതാണവിടത്തെ വിചാരണ. അഥവാ, ദൈവം നൽകിയ കഴിവുകളും സൗകര്യങ്ങളും ഉപയോഗപ്പെടുത്തി ഈ ലോകത്ത് ദൈവാഭീഷ്ടം ജീവിച്ചുവോ എന്നതാണത്. ഈ പരീക്ഷയുടെ സ്വാഭവികഫലമാണ് അതിന് പ്രതിഫലം ഉണ്ടാകണമെന്നത്. ഈ ഫലമാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം. അതില്ലെങ്കിൽ ജീവിതത്തിന് അർഥമില്ല. എന്നാൽ പരീക്ഷയുടെ ഫലം ഇവിടെ വെച്ച് അറിയാനോ അനുഭവിക്കാനോ നമുക്ക് സാധ്യമല്ല. ദൈവികസന്നിധിയാണതിന് നിർണയിച്ച സ്ഥലം. അതത്രെ പരലോകം.

മനുഷ്യൻ ഈ ലോകത്ത് വെച്ച് നടത്തുന്ന സകല പ്രവൃത്തികളും റിക്കാർഡ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. മരണ ശേഷം അവരെ ദൈവം അതെപറ്റി വിചാരണ ചെയ്യും. അതിനു

വേണ്ടിയാണ് അവൻ അവരെ പരലോകത്ത് ഒരുമിച്ചുകൂട്ടുന്നത്. ആ ദിനം പ്രസ്തുത റിക്കാർഡുകൾ ഹാജറാക്കപ്പെടും. അതിന്റെയും മറ്റു വിധത്തിലുള്ള സാക്ഷികളുടെയും സാന്നിധ്യത്തിൽ ദൈവം സകല മനുഷ്യരെയും വിചാരണ ചെയ്യും. നല്ലതും ചീത്തയുമായ സകല കർമങ്ങൾക്കും നീതിപൂർവം പ്രതിഫലം നൽകും.

---

كَلَّا إِنَّ كِتَابَ الْفُجَّارِ لَفِي سِجِّينٍ കല്ലാ ഇന്ന കിതാബൽ ഫുജ്ജാരി ലഫീ സിജ്ജീൻ

ഒരിക്കലുമല്ല, നിശ്ചയം കുറ്റവാളികളുടെ കർമ്മരേഖ സിജ്ജീനിലായിരിക്കും.

وَمَا أَدْرَاكَ مَا سِجِّينٌ വമാ അദ്റാക മാ സിജ്ജീൻ

സിജ്ജീൻ എന്നാൽ എന്തെന്ന് നിനക്ക് എന്തെറിയാം

---

എന്നാൽ പരലോകത്തെയും അവിടത്തെ വിചാരണയെയും സംബന്ധിച്ച ഇവരുടെ ധാരണ ശരിയല്ല. പരലോകമില്ലെന്നും എനി ഉണ്ടായാൽ തന്നെയും ഏതെങ്കിലും വിധത്തിൽ രക്ഷപ്പെടാമെന്ന അവരുടെ വിചാരം മൗഢ്യമാണ്. അവിടെ അവരെല്ലാവരും ഒരുമിച്ചുകൂട്ടപ്പെടുന്നതും രക്ഷാ-ശിക്ഷകൾക്ക് വിധേയരാകുന്നതുമാകുന്നു. അതിനനുസരിച്ച് ഓരോരുത്തരുടെയും കർമ്മരേഖ രേഖപ്പെടുത്തുന്നുണ്ട്.

തടവറ എന്ന വാക്കിനാണ് അറബിയിൽ സിജ്ജീൻ എന്ന് പറയുന്നത്. കുറ്റവാളികളുമായി ബന്ധപ്പെട്ട സാങ്കേതികപദമാണല്ലോ അത്. ഇവിടെ കുറ്റവാളികളായ ആളുകളുടെ കർമപുസ്തകം അത്തരം സംവിധാനത്തിലാണ് സൂക്ഷിച്ചുവെച്ചിട്ടുണ്ടാവുക എന്ന് സൂചിപ്പിക്കുകയാണ് ഈ പദം കൊണ്ടുദ്ദേശിക്കുന്നത്.

---

كِتَابٌ مَّرْقُومٌ കിതാബുൻ മർഖൂം

അത് ഒരു ലിഖിതപുസ്തകമാകുന്നു

---

എഴുതപ്പെട്ട പുസ്തകമാകുന്നു അത്. അതിൽ കുറ്റവാളികളായവരുടെ ജീവിതകർമം അക്കങ്ങളെപ്പോലെ രേഖപ്പെടുത്തിയിരിക്കും. അതൊരിക്കലും മാഞ്ഞുപോവുകയില്ല.

---

وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ വൈലുൻ യൗമഇദിൻ ലിൽ മുകദ്ദിബീൻ

അന്ന് നിഷേധികൾക്കാകുന്നു മഹാ നാശം.

الَّذِينَ يُكَذِّبُونَ بِيَوْمِ الدِّينِ അല്ലദീന യുകദ്ദിബൂന ബിയൗമിദ്ദീൻ

പ്രതിഫലനാളിനെ കളവാക്കുന്നവർക്ക്

---

പരലോകത്തെ നിഷേധിക്കുകയെന്നത് ഏത് കാലത്തും അതത് ജനതകളിൽ നിലനിന്നിരുന്ന പ്രവണതയാണ്. ഇന്നും അതെ. അതിന് പല കാരണങ്ങളുമാകാം. ഒന്ന്, പരലോകത്തെ സംബന്ധിച്ച് മറ്റുള്ളവർ മെനഞ്ഞെടുത്ത കാഴ്ചപ്പാടുകളാണ് ശരിയെന്ന തോന്നൽ. അതിന് മിക്കപ്പോഴും യാഥാർഥ്യത്തിന്റെ പിൻബലമുണ്ടാകണമെന്നില്ല.

രണ്ട്, പരലോകത്തെ സംബന്ധിച്ച വിചാരം തന്റെ ഭൗതികസുഖങ്ങൾക്ക് വിരുദ്ധമാകയാൽ അതിനെ എതിർക്കൽ തന്റെ ആവശ്യമായി വരികയും അതിനുതകുന്ന വല്ല സിദ്ധാന്തത്തെയും കൂട്ടിന് ലഭിക്കുകയും ചെയ്യുക.

മൂന്ന്, പാരമ്പര്യമായി കിട്ടിപ്പോന്ന കാഴ്ചപ്പടിനപ്പുറം പരലോകത്തെ സംബന്ധിച്ച യാഥാർഥ്യബോധം ലഭിക്കാതിരിക്കുക. ഇത്തരം കാരണങ്ങളാലെല്ലാം പരലോകം കാലാകാലങ്ങളിലും നിഷേധിക്കപ്പെടുകയോ വികലമായ വിശ്വാസം അതിന്റെ പേരിൽ വളർത്തിയെടുക്കുകയോ ചെയ്തിട്ടുണ്ട്. ഈവക വിചാരഗതികളെല്ലാം അവസാന വിശകലനത്തിൽ പരലോകനിഷേധവും അതിനാൽ ദൈവനിഷേധവുമാകുന്നു. അത്തരം ആളുകൾക്കാണ് അന്ന് നാശം മുഴുവൻ.

---

وَمَا يُكَذِّبُ بِهِ إِلَّا كُلُّ مُعْتَدٍ أَثِيمٍ വമാ യുകദ്ദിബു ബിഹീ ഇല്ലാ കുല്ലു മുഅ്തദിൻ അഥീം

എല്ലാ അതിരു വിട്ടവനും മഹാ പാപിയുമായിട്ടുള്ളവനല്ലാതെ അതിനെ നിഷേധിച്ചുതള്ളുകയില്ല.

---

പരലോകത്തെ രക്ഷാശിക്ഷകളെ തള്ളിക്കളയാൻ ചിന്താശേഷിയും കാര്യകാരണബോധവുമുള്ള ആർക്കും സാധിക്കുകയില്ല. ഇല്ലായ്മയിൽനിന്ന് ഒരിക്കൽ സൃഷ്ടിച്ച ദൈവത്തിന് മനുഷ്യരെ മരണശേഷം വീണ്ടും ജീവിപ്പിക്കാൻ സാധിക്കുമെന്നത് പ്രയാസമുള്ള കാര്യമല്ല. അവരെ വിചാരണ ചെയ്യുകയും പ്രതിഫലം നൽകുകയും ചെയ്യൽ അവന്റെ അവകാശവുമാണ്. അതിലാർക്കും കൈകടത്താൻ സാധിക്കുകയില്ല.

മനുഷ്യനെ സൃഷ്ടിക്കുകയെന്നതിന്റെ മറുവശമാണ് അവരെ വിചാരണക്ക് വിധേയമാക്കുകയെന്നത്. ആ ഉപാധിയോടു കൂടിയാണ് ദൈവം മനുഷ്യരെ ഈ ലോകത്തേക്കയച്ചത്. അവരെ വിചാരണ ചെയ്യുന്നതിനാണ് പരലോകം സംവിധാനിച്ചത്. ചിന്താശേഷിയില്ലാത്ത ദുർവൃത്തനും അതിരുവിട്ട് പാപം ചെയ്തവനുമല്ലാതെ അതിനെ നിഷേധിക്കാൻ സാധിക്കുകയില്ല. എന്നുവെച്ചാൽ യാഥാർഥ്യങ്ങളെ വിചാരവിധേയമാക്കുവാനും അംഗീകരിക്കുവാനും അവർക്ക് സാധിക്കുകയില്ല എന്നർഥം.

---

إِذَا تُتْلَىٰ عَلَيْهِ آيَاتُنَا قَالَ أَسَاطِيرُ الْأَوَّلِينَ ഇദാ തുത്‌ലാ അലൈഹി ആയാതുനാ ഖാല അസാത്വീറുൽ അവ്വലീൻ

അവന് നമ്മുടെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപ്പിക്കപ്പെടുകയാണെങ്കിൽ അവൻ പറയും: പൂർവികരുടെ കെട്ടുകഥകളാണെന്ന്.

---

അത്തരം ആളുകളുടെ അടയാളമാണിത്. പരലോകത്തെ വിചാരണാവേളയെക്കുറിച്ചും രക്ഷാശിക്ഷയെക്കുറിച്ചും അവരെ ബോധ്യപ്പെടുത്തും വിധം വല്ല വചനവും അവരെ കേൾപ്പിച്ചാൽ അവർ അതിനെ പരിഹാസിച്ചു തള്ളുകയും ഇതൊക്കെ മുമ്പ് പറഞ്ഞുപോന്ന കെട്ടുകഥകളാണെന്ന് പുഛിച്ചുതള്ളുകയും ചെയ്യും. അഥവാ, ഇപ്പറഞ്ഞതൊക്കെ ആ കാലഘട്ടത്തിലേക്ക് മാത്രം ബാധകമായിരുന്ന സംഗതിയാണ്, ഇക്കാലത്ത് അതെങ്ങനെ പ്രായോഗികമാകും? ഇതായിരിക്കും അവരുടെ സമീപനം.

---

كَلَّا ۖ بَلْ ۜ رَانَ عَلَىٰ قُلُوبِهِم مَّا كَانُوا يَكْسِبُونَ കല്ലാ ബൽ റാന അലാ ഖുലൂബിഹിം മാ കാനൂ യക്‌സിബൂൻ

അല്ല, പക്ഷേ, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നത് അവരുടെ ഹൃദയങ്ങളിൽ കറയുണ്ടാക്കിയിരിക്കുന്നു

---

ഹൃദയത്തിൽ പാപക്കറ വീണിരിക്കുന്നുവെന്നാൽ സ്വന്തം ഇഛയെ പിൻപറ്റിക്കൊണ്ടുള്ള വഴിവിട്ട ജീവിതവും പാപകൃത്യങ്ങളും നിമിത്തം ചിന്തിക്കാനുള്ള അവരുടെ മനസ്സിന്റെ ശേഷിയേയും വീണ്ടുവിചാരത്തിനുള്ള സന്നദ്ധതയേയും നശിപ്പിച്ചിരിക്കുന്നുവെന്നർഥം. പാപം ചെയ്യുംതോറും അത് മനുഷ്യഹൃദയത്തിൽ കറയായി ഉറക്കും. അത്തരം ഹൃദയങ്ങൾക്ക് സൽപ്രകൃതി നഷ്ടപ്പെടുകയും ചിന്താശേഷി ഇല്ലാതാകുകയും ചെയ്യും.

---

كَلَّا إِنَّهُمْ عَن رَّبِّهِمْ يَوْمَئِذٍ لَّمَحْجُوبُونَ കല്ലാ ഇന്നഹും അൻ റബ്ബിഹിം യൗമഇദിൻ ലമഹ്ജൂബൂൻ

അല്ല, തീർച്ചയായും അവർ അന്നേ ദിവസം അവരുടെ രക്ഷിതാവിൽ നിന്ന് മറയ്ക്കപ്പെടുന്നവരാകുന്നു.

---

അന്നാളിൽ അവർക്ക് ദൈവികദർശനം ലഭിക്കുന്നതല്ല. അതാകട്ടെ, സജ്ജനങ്ങൾക്ക് മാത്രം ലഭിക്കുന്നതാകുന്നു. അതായത് സ്വർഗാവകാശികളായ ആളുകൾക്ക് അന്ന് അല്ലാഹു കൂടുതൽ ഔദാര്യമെന്ന നിലയിൽ സ്വന്തം തിരശ്ശീല നീക്കി വെളിപ്പെടും. ആ ദർശനത്താൽ സ്വർഗാവകാശികൾ കൂടുതൽ ആദരണീയരാകും. അവൻ അവരിൽ സംപ്രീതനായിരിക്കും. എന്നാൽ, ദുർമാർഗികളായവർക്കന്ന് ദൈവം ദർശനം നൽകുന്നതല്ല, അവരെ സംസ്കരിക്കുന്നതുമല്ല. കാരണം, അവനെ നിഷേധിക്കുകയും അവന്റെ കൽപനകളെ പാടെ വിസ്മരിക്കുകയും ചെയ്തവരാണവർ.

---

ثُمَّ إِنَّهُمْ لَصَالُوا الْجَحِيمِ ഥുമ്മ ഇന്നഹും ലസ്വാലുൽ ജഹീം

പിന്നീടവർ ജ്വലിക്കുന്ന നരകാഗ്നിയിൽ കടന്നെരിയുന്നവരാകുന്നു.

ثُمَّ يُقَالُ هَٰذَا الَّذِي كُنتُم بِهِ تُكَذِّبُونَ ഥുമ്മ യുഖാലു ഹാദല്ലദീ കുൻതും ബിഹീ തുകദ്ദിബൂൻ

പിന്നീട് അവരോട് പറയപ്പെടും: ഇതാണ് നിങ്ങൾ നിഷേധിച്ചു തള്ളിക്കൊണ്ടിരുന്ന കാര്യം.

---

അത്തരക്കാരുടെ അന്ത്യസങ്കേതമാണ് കത്തിയാളുന്ന നരകം. അതിലേക്കവരെ വലിച്ചെറിയും. ഇപ്രകാരം പറയുകയും ചെയ്യും: നിങ്ങൾ നിങ്ങളുടെ വഴിവിട്ട ജീവിതത്തിന് വിഘാതമാകുമെന്നോർത്ത് നിഷേധിച്ചു തള്ളിയിരുന്ന നരകമാണിത്. അത് ആസ്വദിച്ചുകൊള്ളുക.

---

كَلَّا إِنَّ كِتَابَ الْأَبْرَارِ لَفِي عِلِّيِّينَ കല്ലാ, ഇന്ന കിതാബൽ അബ്റാറി ലഫീ ഇല്ലിയ്യീൻ

നിസ്സംശയം, പുണ്യവാന്മാരുടെ കർമ്മരേഖ ഇല്ലിയ്യൂനിലായിരിക്കും

---

കല്ലാ എന്നതുകൊണ്ടുദ്ദേശിക്കുന്നത്, നരകാവകാശികളായ ആളുകളുടെ ചിന്താഗതി ശരിയായിരുന്നില്ല, അവർ നരകം വിധിക്കപ്പെട്ടവരാകുന്നു, അവരുടെ കർമ്മപുസ്തകം അതിന് സാക്ഷിയുമാകുന്നു, കാരണം അത് നരകക്കാരുക്കുള്ള സിജ്ജീനിലാണല്ലോ സൂക്ഷിക്കപ്പെട്ടിരുന്നത് എന്നീ സംഗതികളാകുന്നു. അതിന്റെ തുടർച്ചയായാണ് ബാക്കി വചനം ഉൾക്കൊള്ളുന്ന ആശയം. അതായത് എപ്രകാരമാണോ കുറ്റവാളികളുടെ കർമ്മപുസ്തകം സിജ്ജീനിൽ ആയിരുന്നത് അതേപോലെ പുണ്യവാളന്മാരുടെ കർമ്മപുസ്തകം ഇല്ലിയ്യൂനിലുമാകുന്നു. അതാകട്ടെ സ്വർഗസ്ഥർക്കുള്ള ഉന്നത സ്ഥലമാകുന്നു.

---

وَمَا أَدْرَاكَ مَا عِلِّيُّونَ വമാ അദ്റാക മാ ഇല്ലിയ്യൂൻ

ഇല്ലിയ്യൂൻ എന്നാൽ എന്താണെന്ന് നിനക്കെന്തറിയാം?

---

ഇല്ലിയ്യൂനിന്റെ ഔന്നത്യം ഏറെ വലുതായതിനാലാണ് അതിനെ ഒരു ചോദ്യത്തിലൂടെ പരിചയപ്പെടുത്തുന്നത്. അത് അത്രമാത്രം ഉന്നതമായിരിക്കുമെന്നർത്ഥം. ഉന്നതി എന്ന അർഥത്തിലുള്ള ഉലുവ്വ് എന്ന വാക്കിൽനിന്നാണ് ഇല്ലിയ്യൂൻ നിഷ്പദിച്ചത്.

---

كِتَابٌ مَّرْقُومٌ കിതാബുൻ മർഖൂം

എഴുതപ്പെട്ട ഒരു രേഖയത്രെ അത്.

يَشْهَدُهُ الْمُقَرَّبُونَ യശ്ഹദുഹുൽ മുഖർറബൂൻ

സാമീപ്യം സിദ്ധിച്ചവർ അതിന്റെ അടുക്കൽ സന്നിഹിതരാകും.

---

പുണ്യവാളന്മാരുടെ കർമ്മപുസ്തകമാണിതുകൊണ്ട് ഉദ്ദേശിക്കുന്നത്. അത് അവരുടെ കർമ്മങ്ങൾ രേഖപ്പെടുത്തിയ പുസ്തകമാകുന്നു. അതിന് ദൈവസാമീപ്യം സിദ്ധിച്ച മാലാഖമാർ സാക്ഷ്യം വഹിക്കും.

---

إِنَّ الْأَبْرَارَ لَفِي نَعِيمٍ ഇന്നൽ അബ്റാറി ലഫീ നഈം

തീർച്ചയായും പുണ്യവാന്മാർ സുഖാനന്ദത്തിൽ തന്നെയായിരിക്കും

عَلَى الْأَرَائِكِ يَنظُرُونَ അലൽ അറാഇകി യൻളുറൂൻ

മഞ്ചങ്ങളിലിരുന്ന് അവർ നോക്കിക്കൊണ്ടിരിക്കും

تَعْرِفُ فِي وُجُوهِهِمْ نَضْرَةَ النَّعِيمِ തഅ്രിഫു ഫീ വുജൂഹിഹിം നദ്റതന്നഈം

അവരുടെ മുഖങ്ങളിൽ സുഖാനുഭവത്തിന്റെ തിളക്കം നിനക്കറിയാം.

---

സുകൃതികളുടെ പാരത്രിക പരിണതിയും അവർ അവിടെ അനുഭവിക്കുന്ന പ്രതിഫലവുമാണിത്. അവർ അനുഭവിക്കുന്ന അനുഗ്രഹങ്ങൾ കാരണം അവരെ ഒരിക്കലും ദു:ഖമോ വേവലാതിയോ നിരാശയും ഒട്ടും തന്നെ ബാധിക്കുന്നതല്ല. തങ്ങൾക്ക് ലഭിച്ച ഉന്നത മഞ്ചങ്ങളിലിരുന്ന തങ്ങൾക്ക് നാഥൻ ഒരുക്കിവെച്ച വിഭവങ്ങളിലേക്ക് അവർക്ക് കൺപാർക്കുന്നതായിരിക്കും.

---

يُسْقَوْنَ مِن رَّحِيقٍ مَّخْتُومٍ യുസ്ഖൗന മിൻ റഹീഖിമ്മഖ്തൂം

അടച്ചുമുദ്ര വെക്കപ്പെട്ട മേത്തരം വീഞ്ഞ് അവർ കുടിപ്പിക്കപ്പെടും

خِتَامُهُ مِسْكٌ وَفِي ذَٰلِكَ فَلْيَتَنَافَسِ الْمُتَنَافِسُونَ ഖിതാമുഹു മിസ്കുൻ വഫീ ദാലിക ഫൽ യതനാഫസിൽ മുതനാഫിസൂൻ.

കസ്തൂരിയത്രെ അതിന്റെ മുദ്ര. മത്സരിച്ചു ജയിക്കാനാകുന്നവർ അത് നേടുന്നതിൽ മത്സരിക്കട്ടെ.

---

റഹീഖ് എന്നാൽ ശുദ്ധമായ വീഞ്ഞിനു പറയുന്ന പേരാകുന്നു. സ്വർഗവാസികൾക്ക് നൽകുന്ന മേത്തരം പാനീയമാണത്. ഈ ലോകത്ത് വെച്ചു കുടിക്കുന്നതിനെക്കാൾ മികച്ചതും സ്വാദിഷ്ടവുമായിരിക്കുമത്. ഏതെങ്കിലും തരത്തിലുള്ള തകരാറുകൾ കൂടിക്കലരുന്നതിൽ നിന്നും സുരക്ഷിതമാകുമാർ അത് അടച്ചുമുദ്രവെക്കപ്പെട്ടിരിക്കും. കസ്തൂരിയുടെ മുദ്രയായിരിക്കും അതിനുണ്ടാവുക. അത് കുടിക്കുന്നവന് ആനന്ദം ലഭിക്കുമാറ് അതിന്റെ വാസനയും രുചിയും അതിവിശിഷ്ടമായിരിക്കും.

ഇഹലോകത്തു വെച്ച് ഇത്തരം ആനന്ദങ്ങളെല്ലാം തന്റെ താൽപര്യത്തിനു വേണ്ടി ത്യജിച്ച സ്വർഗസ്ഥർക്ക് ദൈവം നിശ്ചയിച്ചതാണ്. ആദർശജീവിതത്തിനു വേണ്ടി ഈ ലോകത്ത് അവർ എന്തെല്ലാം വെടിഞ്ഞിരുന്നുവോ, ദൈവം വിലക്കിയിരുന്നുവോ അതെല്ലാം മറ്റൊരു വിധത്തിൽ ഏറെ വിശിഷ്ടമായ തരത്തിൽ ദൈവം അവർക്ക് നൽകുന്നു. അതിൽ പെട്ടതാണ് ഈ ഉത്തമ പാനീയവും സ്വർഗകന്യകകളും സ്വർഗത്തോപ്പുകളും മറ്റനേകം സമ്മാനങ്ങളും. ഏകദൈവത്തെ മാത്രം അനുസരിച്ചു ജീവിച്ചതിനുള്ള പ്രതിഫലമത്രെ അത്. ഭൗതികജീവിതത്തിനൊരിക്കലും വിഭാവന ചെയ്യുവാനോ വർണിക്കുവാനോ അനുഭവിക്കുവാനോ ചെയ്യാനാകാത്ത ഈ പ്രതിഫലം കരസ്ഥമാക്കുവാനാൻ മത്സരിക്കുന്നവരൊക്കെ മത്സരിക്കട്ടെ.

---

وَمِزَاجُهُ مِن تَسْنِيمٍ വ മിസാജുഹു മിൻ തസ്നീം

അതിന്റെ ചേരുവയാകട്ടെ തനീമാകുന്നു.

عَيْنًا يَشْرَبُ بِهَا الْمُقَرَّبُونَ ഐനൻ യശ്റബു ബിഹൽമുഖർറബൂൻ.

അത് ഒരു അരുവിയാകുന്നു. ദൈവസാമീപ്യം ലഭിച്ചവർ അതിൽനിന്ന് കുടിക്കുന്നു.

---

വിശുദ്ധവും ഉന്നതവുമായ സ്ഥലത്തുനിന്നാണ് അത് നിർഗളിക്കുന്നത് എന്നർഥം. സ്വർഗസ്ഥരായ ആളുകൾക്കു മാത്രമേ അതിൽനിന്ന് പാനം ചെയ്യാൻ സാധിക്കുകയുള്ളു.

---

إِنَّ الَّذِينَ أَجْرَمُوا كَانُوا مِنَ الَّذِينَ آمَنُوا يَضْحَكُونَ ഇന്നല്ലദീന അജ്റമൂ കാനൂ മിനല്ലദീന ആമനൂ യദ്ഹകൂൻ

കുറ്റവാളികളായവർ ഇഹലോകത്ത് വിശ്വസിച്ചവരെ പരിഹസിക്കുന്നവരായിരുന്നല്ലോ.

---

എല്ലാ കാലങ്ങളിലും തുടർന്നുവന്ന, ഇന്നും നിലനിൽക്കുന്ന പ്രതികരണമാണിത്. എന്നാൽ കാലത്തിനനുസരിച്ച് ഈ പ്രതികരണത്തിൽ മാറ്റം സംഭവിച്ചേക്കാം. ചിലപ്പോൾ അവർ സമൂഹത്തിലെ താഴെക്കിടയിലുള്ള, ഒന്നിനും കൊള്ളാത്തവരും ബുദ്ധിശൂന്യരുമായി മുദ്രകുത്തപ്പെടുമ്പോൾ ചിലപ്പോഴത് ഭീകരവാദികളും തീവ്രവാദികളുമായി വ്യാഖ്യാനിക്കപ്പെട്ടേക്കും. ദൈവികമായ ആദർശത്തിനു നേരെയുള്ള ഈ പ്രതികരണം അവസാനിക്കുന്നതല്ല. അതാകട്ടെ, പിശാചിന്റെ തന്ത്രവുമാണ്.

---

وَإِذَا مَرُّوا بِهِمْ يَتَغَامَزُونَ വഇദാ മർറൂ ബിഹിം യതഗാമസൂൻ

അവർ(വിശ്വാസികൾ) അവരെ കടന്നുപോകുമ്പോൾ അവർ പരസ്പരം കണ്ണിറുക്കുമായിരുന്നു.

وَإِذَا انقَلَبُوا إِلَىٰ أَهْلِهِمُ انقَلَبُوا فَكِهِينَ വഇദൻഖലബൂ ഇലാ അഹ്‌ലിഹിമുൻഖലബൂ ഫകിഹീൻ

അവർ തങ്ങളുടെ കുടുംബങ്ങളിലേക്ക് തിരിച്ചുപോകുമ്പോൾ രസിച്ചുകൊണ്ടായിരുന്നു തിരിച്ചുപോയിരുന്നത്.

---

വിശ്വാസികളുടെ നേരെയുള്ള അവരുടെ മനോഭാവത്തെയും സമീപനത്തെയും ഇത് സൂചിപ്പിക്കുന്നു. ഇന്നവനെ ഇന്ന വിധത്തിലെല്ലാം പ്രയാസപ്പെടുത്താനും പരിഹസിക്കാനും സാധിച്ചല്ലോ എന്ന ചിന്തയായിരുന്നു അവർക്കുണ്ടായിരുന്നത്. വിശ്വാസികൾ അവരുടെ യടുത്തുകൂടി നടന്നുപോകുമ്പോൾ പരിഹാസപൂർവം കണ്ണിറുക്കുകയും ചെയ്യുമായിരുന്നു.

ചുരുക്കത്തിൽ വിശ്വസികളായതിനാൽ തന്നെ മറുപക്ഷത്തിന്റെ പരിഹാസത്തിനും ആക്ഷേപത്തിനും ഉപദ്രവങ്ങൾക്കും ആക്ഷേപങ്ങൾക്കും വിധേയമാവുകയും ചെയ്യുകയെന്നത് കാലാകാലങ്ങളിലും തുടർന്നുവരുന്ന നയനിലപാടാകുന്നു. ഖുർആൻ തന്നെ അക്കാര്യം വ്യക്തമാക്കുകയുണ്ടായി. അതിന് എക്കാലത്തും അധികാരിവർഗത്തിന്റെ പിന്തുണയും ലഭിച്ചിരുന്നു. ആധുനിക കാലത്ത് അതിന് മീഡിയകളുടെ സംവിധാനവും ഉണ്ടുതാനും. ഖുർആനെ എതിർക്കുന്നതിനും അതിന്റെ ആദർശത്തെ നശിപ്പിക്കുവാനുമായി ചാനലുകളുടെയും വെബ്സൈറ്റുകളുടെയും എണ്ണം നാൾക്കുനാൾ വർധിച്ചുവരികയാണിന്ന്.

---

وَإِذَا رَأَوْهُمْ قَالُوا إِنَّ هَؤُلَاءِ لَضَالُّونَ വഇദാ റഔഹും ഖാലൂ ഇന്ന ഹാഉലാഇ ലദാല്ലൂൻ

അവരെ (വിശ്വാസികളെ) കാണുമ്പോൾ അവർ പറഞ്ഞു: നിശ്ചയം ഇക്കൂട്ടർ പിഴച്ചവർ തന്നെ.

---

അതായത് കൺമുമ്പിൽ കാണുവാനാകാത്ത സ്വർഗ–നരകങ്ങളെ ആശ്രയിച്ചാണല്ലോ മുഹമ്മദിന്റെ ആളുകൾ ഇഹലോകത്തെ സുഖാഡംബരങ്ങളെല്ലാം ത്യജിച്ചത്. ഇത് ഒരുവിധത്തിലും അവർക്ക് സങ്കൽപ്പിക്കാനാകുന്നതായിരുന്നില്ല. അതിനാൽ തന്നെ അവരുടെ വീക്ഷണത്തിൽ മുഹമ്മദിന്റെ ആളുകൾ വിഢിത്തത്തിലാണ് അകപ്പെട്ടിട്ടുള്ളത്.

ദൈവികസരണിയോടും അതിന്റെ ആളുകളോടും ധിക്കാരമനോഭാവവും പുഛവും എന്നത് കാലാകാലങ്ങളിലായി സത്യനിഷേധികളിൽ കണ്ടുവരുന്ന പ്രവണതയാണ്. ഭൗതിക പ്രമത്തരെ സംബന്ധിച്ചിടത്തോളം അദൃശ്യവും അതിഭൗതികവുമായ ഒന്നിനുവേണ്ടിയുള്ള ത്യാഗങ്ങൾ വിഢിത്തമാണ്. അതിനാലാണ് സത്യത്തിനു വേണ്ടിയുള്ള വിശ്വാസികളുടെ ചലനങ്ങ ളെല്ലാം അവർക്ക് വഴികേടായി മാറുന്നത്. ഭൗതികസുഖവും ജഢികേഛയുമാണ് പ്രശ്നം.

---

وَمَا أُرْسِلُوا عَلَيْهِمْ حَافِظِينَ വമാ ഉർസിലൂ അലൈഹിം ഹാഫിളീൻ

അവർ (അവിശ്വാസികൾ) അവരുടെ (വിശ്വാസികളുടെ) മേൽ നിരീക്ഷകരായി നിയോഗിക്കപ്പെട്ടിട്ടൊന്നുമില്ല.

---

ജനം ഏത് ആദർശം സ്വീകരിക്കണമെന്നോ ഏത് നിരാകരിക്കണമെന്നോ ഉള്ള കാര്യത്തിലും ഏതെങ്കിലും പ്രത്യേക ആദർശം സ്വീകരിച്ചതിനാൽ ഇന്ന വിഭാഗത്തെ പീഢിപ്പിക്കണമെന്ന കാര്യത്തിലും ഇവരെ ഒരിക്കലും മേൽനോട്ടക്കാരായി നിശ്ചയിച്ചിട്ടില്ല.

അതേയവസരം ഏതെങ്കിലും വിഭാഗം വിശ്വസിച്ച ആദർശം അബദ്ധമാണെന്നു വന്നാൽ പോലും ഇവർ ഒരിക്കലും അതിന്റെ പേരിൽ പ്രയാസം അനുഭവിക്കേണ്ടതില്ല. സ്വന്തം ബുദ്ധിയും സാമർഥ്യവും ഉപയോഗപ്പെടുത്തി ജീവിതകാര്യങ്ങൾ മുന്നോട്ടു നീക്കുന്നതുപോലെത്തന്നെ സ്വാതന്ത്ര്യമുള്ളതും പ്രധാനവുമാണ് സ്വബുദ്ധിയനുസരിച്ച് നല്ലതെന്ന് മനസ്സിലാക്കിയ ആദർശത്തിൽ അടിയുറച്ചു വിശ്വസിക്കലും അതനുസരിച്ച് ജീവിക്കലും. അതിൽ ആർക്കും ആരും പ്രതിബന്ധമോ പ്രയാസമോ ആകേണ്ടതില്ല.

---

فَالْيَوْمَ الَّذِينَ آمَنُواْ مِنَ الْكُفَّارِ يَضْحَكُونَ ഫൽയൗമല്ലദീന ആമനൂ മിനൽ കുഫ്ഫാരി യള്ഹകൂൻ

എന്നാൽ ഇന്ന് വിശ്വാസികൾ സത്യനിഷേധികളെ നോക്കി ചിരിക്കുന്നു.

عَلَى الْأَرَائِكِ يَنظُرُونَ അലൽ അറാഇകി യൻളുറൂൻ

മഞ്ചങ്ങളിന്മേൽ ഇരുന്ന് നോക്കിക്കാണുന്നു.

هَلْ ثُوِّبَ الْكُفَّارُ مَا كَانُوا يَفْعَلُونَ ഹൽ ഥുവ്വിബൽ കുഫ്ഫാറു മാ കാനൂ യഫ്അലൂൻ

സത്യനിഷേധികൾ ചെയ്തുകൂട്ടിയതിന് അവർക്ക് പ്രതിഫലം കിട്ടിയല്ലോ എന്ന്.

---

ആത്യന്തികമായ പരലോക പരിണതിയുടെ നേർക്കാഴ്ചയാണിത്. ഈ ലോകത്ത് തങ്ങൾ സ്വീകരിച്ച ആദർശത്തിന്റെ പേരിൽ ശത്രുക്കളാൽ പീഡനം ഏൽക്കേണ്ടിവന്നപ്പോഴും ആക്ഷേപിക്കപ്പെട്ടപ്പോഴുമൊക്കെ സത്യവിശ്വാസികൾ ക്ഷമിച്ചതും പിടിച്ചുനിന്നതും മരണാനന്തരം തങ്ങൾക്ക് സ്വർഗം, ദൈവികപൊരുത്തം കിട്ടും എന്ന പ്രതീക്ഷയായിരുന്നു. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തിന്റെ ഭാഗമാണ് ഈ പ്രതീക്ഷയും. സത്യവിശ്വാസികളും

അല്ലാത്തവരും തമ്മിലുള്ള വ്യത്യാസം അവിടെയാണ് പ്രധാനമായും നിലനിൽക്കുന്നത്. എന്നാൽ സത്യനിഷേധികൾക്ക് അവിടെ വേദനാജനകമായ ശിക്ഷ അനുഭവിക്കേണ്ടി വരുമെന്ന ചിന്തയും അവർക്കുണ്ടായിരുന്നു. അത് നേരിൽ കാണുകയും അനുഭവിക്കുകയും ചെയ്യുന്ന അവസ്ഥയിലാണ് വിശ്വാസികൾ. തങ്ങളുടെ വിശ്വാസത്തിനും കർമ്മത്തിനുമനുസൃതമായി ലഭിച്ച സ്വർഗ്ഗീയാരാമങ്ങളിൽ ഇരുന്ന് തങ്ങളെ പീഡിപ്പിച്ചിരുന്ന സത്യനിഷേധികളുടെ നരകജീവിതം നോക്കിക്കാണുകയാണിപ്പോൾ. ഇരു വിഭാഗത്തിനും സ്രഷ്ടാവ് വാഗ്ദാനം ചെയ്ത പ്രതിഫലം ലഭിച്ചല്ലോ എന്ന ആശ്വാസത്തിൽ.

ഭൗതികമായ മാനദണ്ഡങ്ങൾ കൊണ്ട് വിലയിരുത്താനാകുന്നതല്ല ദൈവിക ദർശനവും അതിന്റെ പരലോകപരിണതിയും. ആ ആദർശം അനുസരിച്ചു ജീവിക്കുന്നവൻ സ്വയം ഒരു സംസ്കാരത്തിനു വിധേയനായി പരിണമിക്കുകയാണ് ചെയ്യുന്നത്. ഭൗതികസുഖാഢംബരങ്ങൾ ത്യജിക്കേണ്ടിവരും. ദൈവികപൊരുത്തത്തിനായി പല ആസ്വാദനങ്ങളും വെടിയേണ്ടിവരും. പലതും ത്യജിക്കേണ്ടിവരും. മറ്റുള്ളവരാൽ ആക്ഷേപ്പിതനായേക്കാം, പീഡിപ്പിക്കപ്പെട്ടേക്കാം. ഇതൊക്കെ അനുഭവിക്കുമ്പോൾ മാത്രമാണ് ഒരു ആദർശത്തിനു വേണ്ടി ജീവിക്കുന്നു എന്ന നിലവാരത്തിലേക്ക് അവൻ എത്തുകയുള്ളു. അതിന്റെ പ്രതിഫലമാണ് സ്വർഗമെന്നത്. ഇവിടെ സൂചിപ്പിച്ചതു പോലുള്ള പ്രയാസങ്ങൾ ഒരാൾ അനുഭവിക്കുന്നത് കാണുമ്പോൾ അയാൾ എന്തു വിഡ്ഢിയാണെന്നോ വഴികേടിലാണെന്നോ വിലയിരുത്താനുള്ള അവകാശം ആർക്കുമില്ല. മറ്റുള്ളവരുടെ ചിന്ത അതിനുള്ള മാനദണ്ഡവുമല്ല.